(ബി) ഇതിൽ നിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(സി) ഈ തസ്തികകളിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ഡി) ഈ തസ്തികകളിലേക്ക് നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഇ) എക്സൈസ് ഗാർഡ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്രയും വേഗം നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) 69 പേരെ നിയമിച്ചിട്ടുണ്ട്.

(സി) 10 ഒഴിവുകൾ നിലവിലുണ്ട്.

(ഡി&ഇ) 10 ഒഴിവുകളിൽ 3 എണ്ണം അഡ്വൈസ് ചെയ്യുന്നതിനായി പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള വിദേശ മദ്യഷാപ്പുകൾ

40 (2488) ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള ഫോറിൻ ലിക്കർ ഷാപ്പുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) ഓരോ ഷോപ്പിലും എത്ര വീതം തൊഴിലാളികൾ ഉണ്ടെന്നും അതിൽ രജിസ്റ്റേർഡ് തൊഴിലാളികൾ എത്രയെന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര പേർ എന്നും വിശദമാക്കുന്ന റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുമോ ;

(സി) പുതുതായി ഇത്തരം ലിക്കർ ഷാപ്പുകൾ എത്രയെണ്ണം ആരംഭിക്കുന്നുവെന്നും ഏതെല്ലാം സ്ഥലങ്ങളിലാണ് സ്ഥാപിക്കുന്നതെന്നും ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്*.

(ബി) ബിവറേജസ് കോർപ്പറേഷൻ ജീവനക്കാരായ 296 പേരെ കൂടാതെ 480 ഡെപ്യൂട്ടേഷൻ ജീവനക്കാരും, അബ്കാരി വെൽഫെയർ ബോർഡിൽ രജിസ്റ്റർ ചെയ്ത 1070 ജീവനക്കാരും, ദിവസ വേതനക്കാരായ 699 തൊഴിലാളികളും വിദേശമദ്യ ചില്ലറ വില്പനശാലയിലും, വെയർ ഹൗസിലും ഹെഡ് ഓഫീസിലുമായി ജോലി ചെയ്യുന്നുണ്ട്.

(സി) 51 എണ്ണം. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (a)

[10-7-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 40(2488) കാണുക]

Existing 253 shops of KSBC

Sl. No.	*District*	*Existing 253 shops of KSBC*
1	Thiruvanthapuram	24
2	Kollam	26
3	Pathanamthitta	12
4	Alappuzha	20
5	Kottayam	22
6	Idukki	18
7	Ernakulam	39
8	Thrissur	15
9	Palakkad	21
10	Malappuram	9
11	Kozhikode	17
12	Wayanad	10
13	Kannur	12
14	Kasargode	8
	Total	253

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (b)

[10-7-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ I(b) കാണുക]

Districtwise Allotment of New 51 Shops of KSBC

Sl. No.	*District*	*New 5 shops of KSBC*
1	Thiruvanthapuram	8
2	Kollam	4
3	Pathanamthitta	1
4	Alappuzha	2
5	Kottayam	5
6	Idukki	8
7	Ernakulam	4
8	Thrissur	9
9	Palakkad	4
10	Malappuram	2
11	Kozhikode	—
12	Wayanad	—
13	Kannur	2
14	Kasargode	2
	Total	51

LIBRARY ARCHIVES Kerala Legislative Assembly